II ഇ.ബി. XIII- കേരള നിയമസഭ/X-6

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 22, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**17 (*151) മന്ത്രിമാരുടെ ഓഫീസുകളിൽ കുറ്റവാളികൾ കയറുന്നത് തടയാൻ സംവിധാനം**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, 10.7.2013–ലെ സർക്കുലർ പ്രകാരം അഭികാമ്യമല്ലാത്ത ആൾക്കാർ മന്ത്രിമാരുടേതുൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ കയറി യിറങ്ങുന്നത് നിയന്ത്രിക്കുന്നതിനായി ഏകീകൃത ക്രിമിനൽ ഡേറ്റാ ബേസ് ഉണ്ടാക്കുന്നതിന് സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ ഒരു ഓൺലൈൻ വെബ് ആപ്ലിക്കേഷൻ നിർമ്മിക്കാൻ ഉത്തരവായതിനെത്തുടർന്ന് പോലീസ് കമ്പ്യൂട്ടർ സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രസ്തുത സംവിധാനം സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. CCIS (Crime & Criminal Information System) സോഫ്റ്റ്‌വെയറിൽ ശേഖരിച്ചു വയ്ക്കുന്ന കുറ്റവാളികളുടെ വിവരങ്ങൾ ഈ ഡേറ്റാ ബാങ്കിലേക്ക് ലഭ്യമാക്കു

ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ 140000 പേരുടെ ഡേറ്റ ചേർത്തിട്ടുണ്ടെന്നും കുറ്റവാളികളുടെ ഡേറ്റാ ബേസ് പൂർണ്ണമായിട്ടില്ലാത്തതിനാൽ വെരിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ലെന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവലോകനം നടത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളിൽ കുറ്റവാളികൾ കയറിയിറങ്ങുന്ന സ്ഥിതിവിശേഷമുണ്ടായിട്ടില്ല. സെക്രട്ടേറിയറ്റിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതാണെന്നും സി.സി.ടി.വി.-യിൽ റെക്കോർഡ് ചെയ്യപ്പെടുന്ന ദൃശ്യങ്ങൾ ഒരു വർഷംവരെ ശേഖരിച്ചു വയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുടെ യൂണിഫൈഡ് ഡേറ്റാ ബാങ്ക് നിലവിലില്ലാത്തതിനാൽ ലോംങ് പെൻഡിംഗ് വാറണ്ടുകളുള്ളവർക്കും സാമ്പത്തിക കുറ്റകൃത്യങ്ങളിലേർപ്പെട്ടവർക്കും സ്വന്തം ജില്ലയിലെ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാനും വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്യാനും അവസരമുണ്ടെന്നും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, പാസ്പോർട്ട്/ജോബ് വെരിഫിക്കേഷൻ എന്നിവയെല്ലാം ലാഘവത്തോടെ മറികടക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18 (*152) <u>പ്രധാനമന്ത്രി പങ്കെടുത്ത മന്ത്രിസഭാ യോഗം</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക മന്ത്രിസഭാ യോഗം നടന്നിട്ടില്ലെന്നും സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുമായും തലസ്ഥാനത്തുണ്ടായിരുന്ന മറ്റ് മന്ത്രിമാരുമായും അദ്ദേഹം ചർച്ച നടത്തുക

യാണുണ്ടായതെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരത്ത് രാജ്ഭവനിൽ വച്ച് നടന്ന പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിന്മേൽ കേന്ദ്രസർക്കാർ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാചകവാതക സബ്സിഡിക്ക് ആധാർ ബാധകമാക്കുന്നതിന് ആറ് മാസത്തെ സാവകാശം അനുവദിക്കണമെന്നും പാചകവാതകം, പെട്രോൾ എന്നിവയുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമാക്കണമെന്നും സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ അഭിപ്രായം കൂടി ആരാഞ്ഞശേഷമേ കസ്തൂരി രംഗൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുകയുള്ളൂവെന്ന് പ്രധാനമന്ത്രി ഉറപ്പുതന്നിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി. സബ്സിഡൈസ്ഡ് റേറ്റിലുള്ള ഗോതമ്പ് വിതരണം പുന:സ്ഥാപിക്കണമെന്നും മത്സ്യമേഖലയ്ക്കുള്ള മണ്ണെണ്ണ പ്രത്യേക ക്വാട്ടയായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി വ്യക്തമാക്കി.

19 (*153) <u>കെ.എസ്.ആർ.ടി.സി.-ക്ക് സംരക്ഷണം</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം 858.7 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സുകളുടെ സംരക്ഷണ

ത്തിനായി പ്രഖ്യാപിച്ച നടപടികൾ സംബന്ധിച്ച ഔദ്യോഗിക വിവരം ലഭിച്ചിട്ടില്ലെന്നും വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശകൾ ഫൈനൽ റിപ്പോർട്ടിലില്ലെന്നും മന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരുമാനം 93 കോടി രൂപയും പ്രതിമാസ ചെലവ് 78 കോടി രൂപയുമാണ്. കടബാദ്ധ്യതയിൽനിന്ന് കെ.എസ്.ആർ.ടി.സി. യെ രക്ഷപ്പെടുത്തുന്നതു സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായും രാഷ്ട്രീയകക്ഷികളുമായി ചർച്ചകൾ നടത്തി തീരുമാനിക്കുന്നതാണെന്നും പുതിയ ബസ്സുകൾ വാങ്ങുന്നതും കാലപ്പഴക്കംചെന്ന ബസ്സുകൾ മാറ്റുന്നതും സംബന്ധിച്ച് ആലോചിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി..

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1863 മുതൽ 2218 വരെയുള്ള ചോദ്യങ്ങളിൽ 217 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)